# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>'' കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസി''ന്റെ വികസന പ്രവർത്തനങ്ങൾ</u>

T-5308 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
'' സാജു പോൾ
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസി'' ന്റെ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചുവെന്നും അതിനായി നാളിതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ആവശ്യത്തിന് ഓർഡർ ലഭിക്കാത്തതു മൂലം കെ.എസ്.ഡി.പി പ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാൽപതു ലക്ഷത്തിലധികം രൂപയുടെ മരുന്നു കെട്ടിക്കിടന്നു നശിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ഡി.പി. യുടെ മരുന്നു നിർമ്മാണവും വിതരണവും കാര്യക്ഷമമാക്കുന്നതിനും, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി മുൻകാലങ്ങളിലുണ്ടായിരുന്ന തരത്തിൽ മരുന്നു വാങ്ങുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>പുതിയ വ്യവസായ യൂണിറ്റുകൾ</u>

5309 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് 18 മുതൽ 2013 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പൊതുമേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായ യൂണിറ്റുകൾക്ക് നിക്ഷേപം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പണം; ഏതെല്ലാം പദ്ധതികൾക്ക് എന്ന് വ്യക്തമാക്കുമോ;

(സി) മേൽ പറഞ്ഞ കാലയളവിൽ സംസ്ഥാനത്ത് ഏതെങ്കിലും ഇടത്തരം, വൻകിട വ്യവസായ പദ്ധതികൾക്ക് സ്വകാര്യ മേഖലയിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് പദ്ധതിക്ക്; എത്ര പണം എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വിദ്യാസമ്പന്നരായ യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുന്നതിന് പദ്ധതികൾ</u>

5310 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാസമ്പന്നരായ യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രാഗത്ഭ്യം തെളിയിക്കുന്ന ഇവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്ന സ്കീമുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

പബ്ലിക്ക് പ്രൊക്കുവർമെന്റ് പോളിസി 2012

5311 ശ്രീ.സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസ് മന്ത്രാലയത്തിന്റെ 'പബ്ലിക് പ്രൊക്കുവർമെന്റ് പോളിസി 2012' എന്ന ഓർഡർ കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഓർഡർ എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ

5312

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ആവശ്യമായ പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും നവീകരണപ്രക്രിയകൾ നടപ്പാക്കാനും സഹായം നൽകുമോ;

(ഡി) കൈത്തറി മേഖലയിൽ അനുഭവപ്പെടുന്ന നൂൽ ക്ഷാമത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>പരമ്പരാഗത വ്യവസായങ്ങളെ ആധുനിക സാങ്കേതിക വിദ്യയുമായി സമന്വയിപ്പിക്കുന്നതിന് പദ്ധതികൾ</u>

5313 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനിക സാങ്കേതിക വിദ്യയുമായി സമന്വയിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നാളികേരവും തെങ്ങിന്റെ മറ്റ് ഉൽപന്നങ്ങളും ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി ശിൽപ്പി സ്വാസ്ഥ്യ ബീമാ യോജന</u>

5314 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ രാജീവ് ഗാന്ധി ശിൽപ്പി സ്വാസ്ഥ്യ ബീമാ യോജന സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നവരാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നഷ്ടത്തിലായ വ്യവസായ സ്ഥാപനങ്ങള്‍</u>

5315 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റെടുക്കുമ്പോള്‍ പൊതുമേഖലയിലെ ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തില്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നത് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; നഷ്ടം നേരിടുന്ന സ്ഥാപനങ്ങളുടെ നഷ്ടം എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടം നേരിടുന്ന സ്ഥാപനങ്ങളുടെ കഴിഞ്ഞ 15 വര്‍ഷത്തെ ബാലന്‍സ് ഷീറ്റ് ലഭ്യമാക്കാമോ;

(സി) നഷ്ടത്തിലായ വ്യവസായ സ്ഥാപനങ്ങളിലേതെങ്കിലും വില്‍ക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>ഗ്യാരന്റി കമ്മീഷൻ</u>

5316

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ലോണിന്മേലുള്ള ഗ്യാരന്റി കമ്മീഷൻ കൃത്യമായി എല്ലാ സ്ഥാപനങ്ങളും സർക്കാരിന് നൽകാറുണ്ടോ;

(ബി) എങ്കിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഗ്യാരന്റി കമ്മിഷൻ അടയ്ക്കുന്നത്; ഏതെല്ലാം;

(സി) ഗ്യാരന്റി കമ്മീഷൻ കൃത്യമായി അടയ്ക്കുന്ന പൊതുമേഖലാ സ്ഥാപനത്തിന് ഇൻസെന്റീവ് നൽകാറുണ്ടോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

**അങ്കമാലി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

5317 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംമ്പുഴ, മഞ്ഞപ്ര, തുറവൂർ, മലയാറ്റൂർ-നീലിശ്വരം തുടങ്ങിയ പഞ്ചായത്തുകളിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വ്യവസായ പദ്ധതികൾ</u>

5318 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ രഹിത ജില്ലയായ കാസർഗോഡിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ പശ്ചാത്തല വികസനങ്ങൾക്ക് ആവശ്യമുള്ളതിൽ അധികം സർക്കാർ ഭൂമി ലഭ്യമായ കാസർഗോഡ് ജില്ലയിൽ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് വല്ല തടസ്സങ്ങളും ഉണ്ടോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങൾ</u>

5319 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നവീകരിക്കുന്നതിലേയ്ക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലയിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

ആട്ടോകാസ്റ്റിന്റെ പ്രവർത്തനം

5320 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ക്രാപ്പ് എവിടെ നിന്നുമാണ് ലഭിക്കുന്നതെന്നു പറയാമോ; പി.എസ്.യു കൾ വഴി ഇ-ടെണ്ടർ നടപടികളിലൂടെ അപേക്ഷ നൽകി സ്ക്രാപ്പ് ശേഖരിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പരിമിതികൾ പരിശോധിച്ചിട്ടുണ്ടോ; ടെണ്ടർ സംവിധാനത്തിൽ സ്വകാര്യ വ്യവസായങ്ങളുമായി മത്സരിച്ച് സ്ക്രാപ്പ് നേടുന്നതിന് ആട്ടോകാസ്റ്റിന് കഴിയാതെ വന്നാൽ സ്ഥാപനം എങ്ങനെ പ്രവർത്തിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ആട്ടോകാസ്റ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ നിലവാരമുള്ള സ്ക്രാപ്പ് ലഭിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>ചേർത്തല ഓട്ടോ കാസ്റ്റിന്റെ പ്രവർത്തനം</u>

5321 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഓട്ടോകാസ്റ്റിന്റെ 2012-13 വർഷത്തെ ടേൺ ഓവർ എത്രയാണ്;

(ബി) ഈ വർഷത്തെ കമ്പനിയുടെ ലാഭം നഷ്ടം എത്രയാണ്;

(സി) ഈ കമ്പനി ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കെൽട്രോണിന്റെ പദ്ധതികൾ

5322 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സൗരോർജ്ജ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യൂതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മൂടാടിയിലെ കെൽട്രോൺ യൂണിറ്റ്</u>

5323 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി കെൽട്രോൺ യൂണിറ്റിൽ ഇപ്പോൾ നടക്കുന്ന ഉൽപാദന/നിർമ്മാണ/സേവന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നത് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലം ഉണ്ട് എന്നത് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി വിവിധ സാധ്യതകൾ ചൂണ്ടിക്കാണിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; അത് ആരിൽ നിന്ന് എന്നത് വിശദമാക്കാമോ;

(ഡി) നിവേദനത്തിലെ സാധ്യതകൾ പരിശോധിച്ച് കൂടുതൽ വികസന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ടീം സോളാർ രജിസ്ട്രേഷൻ</u>

5324 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടീം സോളാർ എന്ന സ്വകാര്യ സ്ഥാപനം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ, രജിസ്റ്റർ നമ്പറും രജിസ്റ്റർ ചെയ്യാൻ അപേക്ഷിച്ചവരുടെ പേരുവിവരവും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്പനി ഏതെല്ലാം മേഖലയിൽ പ്രവർത്തിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും, വ്യവസായ വകുപ്പിന്റെ അറിവോടെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

ക്രഷറുകളും പാറമടകളും പ്രവർത്തിക്കുന്നതിനുള്ള അനുമതി

T-5325 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രഷറുകളും, പാറമടകളും പ്രവർത്തിക്കുന്നതിന് ഏതൊക്കെ അനുമതി പത്രങ്ങളാണ് ഓരോന്നിനും ലഭിക്കേണ്ടത് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) ക്രഷറുകളിലും പാറമടകളിലും ഓരോ ദിവസവും എത്ര അളവിലാണ് പാറപൊട്ടിച്ച് നീക്കേണ്ടതെന്നോ, ഓരോ പാറമടകളിലും എത്രത്തോളം ഉയരത്തിലും താഴ്ചയിലും പാറപൊട്ടിക്കാം എന്നോ അനുമതി നൽകുന്ന ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിഷ്കർഷിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ പാറപൊട്ടിച്ചുമാറ്റുന്നുണ്ടോ എന്നു പരിശോധിക്കാൻ നിലവിൽ ഏതൊക്കെ സംവിധാനമാണുള്ളത്; ആർക്കൊക്കെയാണ് ഇതിന്റെ ചുമതലയുള്ളത്; ചുമതലയുള്ളവർ ഇക്കാര്യങ്ങൾ കൃത്യമായി ചെയ്യുന്നോ എന്ന് നിരീക്ഷിക്കാൻ സംവിധാനമുണ്ടോ; എങ്കിൽ എന്തൊക്കെ എന്നു വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് മണൽ ക്ഷാമം രൂക്ഷമാകുകയും പാറമണലിന്റെയും മെറ്റലിന്റെയും ഉപയോഗം വർദ്ധിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പാറമടകളുടെയും ക്രഷറുകളുടെയും പ്രവർത്തനം സംബന്ധിച്ച് സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സർക്കാർ ഇതിന് തയ്യാറാകുമോ;

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

(ഇ) പ്രകൃതി സന്തുലിതാവസ്ഥ തന്നെ തകർക്കുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുന്ന ക്രഷറുകൾക്കും പാറമടകൾക്കുമെതിരെ നടപടി എടുക്കാൻ കഴിയും വിധം ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെയും, വിവിധ സംഘടനകളെയും വിളിച്ചുകൂട്ടി സർക്കാർ നയം രൂപീകരിക്കുകയും, അതിനനുസരിച്ചുള്ള കർശന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രം ക്രഷറുകളുടെയും മറ്റും പ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ചെമ്പൻമുടി മലയിലെ ക്രഷർ ഉയർത്തുന്ന പ്രശ്നങ്ങൾ</u>

T-5326 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ ചെമ്പൻമുടി മലയിലെ ക്രഷറിന് മുന്നിൽ നാട്ടുകാർ നടത്തുന്ന സമരം സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തനം സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; ആരെയൊക്കെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്; ഇവർ നൽകിയ റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(സി) നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ മേഖലയിൽ ശ്വാസകോശ സംബന്ധമായ രോഗങ്ങളും കാൻസറടക്കമുള്ള മാരകരോഗങ്ങളും പടർന്നുപിടിക്കുന്നതായ ആക്ഷേപത്തെപ്പറ്റി പഠിക്കാൻ ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; രോഗബാധിതരായ മുഴുവൻ പേർക്കും സർക്കാർ പ്രത്യേക ചികിത്സാ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ക്വാറികൾ ക്രഷറുകൾ, ഗ്രാനൈറ്റ് ഖനന കേന്ദ്രങ്ങൾ</u>

5327 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ എത്ര ക്വാറികൾ, ക്രഷറുകൾ, ഗ്രാനൈറ്റ് ഖനന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്ന വിവരം വിശദമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങൾ എല്ലാം നിയമാനുസൃതമായും ലൈസൻസോടു കൂടിയുമാണോ പ്രവർത്തിക്കുന്നത്; ലൈസൻസികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ കെ.എസ്.ഡി.പി യുടെ പ്രവർത്തനം</u>

5328 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ഡി.പി. യുടെ 2012-13 വർഷത്തെ ടേൺ ഓവർ എത്രയാണ്;

(ബി) ഈ വർഷത്തെ കമ്പനിയുടെ ലാഭം/നഷ്ടം എത്രയാണ് ;

(സി) ഈ കമ്പനി ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ തലപ്പിള്ളിയിൽ കെ.എസ്.ഐ.ഡി.സി ഏറ്റെടുത്ത ഭൂമി</u>

5329 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - തലപ്പിള്ളി താലൂക്ക് - കടങ്ങോട് വില്ലേജിൽ മല്ലൻകുഴി പ്രദേശത്ത് കെ.എസ്.ഐ.ഡി.സി വ്യാവസായിക ആവശ്യത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എന്ത് വ്യവസായം ആണ് ഇവിടെ തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ഡി) എമർജിങ് കേരള വഴിയാണോ ഇവിടെ വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് എന്നും ഇതിനുള്ള പ്രൊപ്പോസൽ ആരാണ് സമർപ്പിച്ചിട്ടുള്ളത് എന്നുമുള്ള വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ കെ.എസ്.ഐ.ഡി.സി ഏറ്റെടുക്കുന്ന സ്ഥലം</u>

5330 ശ്രീ.റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ആവശ്യത്തിനായി കെ.എസ്.ഐ.ഡി.സി ക്ക് മലപ്പുറം ജില്ലയിലെ ഏതെങ്കിലും വില്ലേജുകളിൽ സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വില്ലേജുകളിലെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>വസ്ത്രഗ്രാമ പദ്ധതി</u>

5331 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര ഗ്രാമ പഞ്ചായത്തിൽ വസ്ത്രഗ്രാമപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>എസ്. ഐ. എഫ്. എൽ</u>

5332 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച എസ്.ഐ.എഫ്.എൽ.ന്റെ ഷോർണ്ണൂർ മെഷീൻ ടൂൾസ് യൂണിറ്റ് സിഡ്കോയുടെ കുളവണ്ണ യൂണിറ്റ്, ബാംബു കോർപ്പറേഷൻ, നല്ലളം ബാംബു ടൈൽസ് യൂണിറ്റ്, കെ.എസ്.ഐ.ഇ.യുടെ ആലുവ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, ട്രാക്കോ കേബിൾസിന്റെ പിണറായി യൂണിറ്റ്, ബാലരാമപുരം സ്പിന്നിംഗ് മിൽ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ ഓരോന്നും എന്നു മുതലാണ് ഉൽപാദനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ ഓരോന്നിലും എത്ര തൊഴിലാളികൾ വീതം ജോലി ചെയ്യുന്നുണ്ട് ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കല്ലിയൂർ ഹരിജൻ കൈത്തറി സഹകരണ സംഘം</u>

5333 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഹരിജൻ കൈത്തറി സഹകരണ സംഘം റ്റി. 520 രജിസ്റ്റർ ചെയ്ത സമയത്തെ സംഘത്തിലെ അംഗങ്ങൾ, ഭരണഘടന, പ്രവർത്തനം ഇവയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘത്തിന്റെ നിലവിലുള്ള അംഗങ്ങളുടെയും, ഭേദഗതി ചെയ്ത ഭരണഘടനയുടെയും വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) 19.11.2012-ന് തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണസംഘം അസോസിയേഷൻ ഭാരവാഹികൾ കൈത്തറി ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) 29.01.2013-ന് W.P.(C) നമ്പർ 2697 ആയി ബഹു. ഹൈക്കോടതി വിധിയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

'ഉദുമ സ്പിന്നിംഗ് മിൽ'

5334 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള 'ഉദുമ സ്പിന്നിംഗ് മില്ലി'ൽ എത്ര തൊഴിലാളികളെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>കായംകുളം സ്പിന്നിംഗ് മില്ലിൽ പഞ്ഞിക്കെട്ടുകൾക്ക് തീ പിടിക്കുന്ന സംഭവം</u>

5335 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കരീലക്കുളങ്ങര സ്പിന്നിംഗ് മില്ലിൽ ഇടയ്ക്കിടെ പഞ്ഞിക്കെട്ടുകൾക്ക് തീപിടിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>ഹാന്റക്സിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം</u>

5336 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഹാന്റക്സിലെ അഴിമതി സംബന്ധിച്ച് എത്ര അന്വേഷണങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നതെന്നും അവ ഏത് അവസ്ഥയിലാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ വർഷം സ്കൂൾ യൂണിഫോം തുണികൾ വാങ്ങാനുള്ള
നടപടിക്രമങ്ങൾ പൂർത്തിയായോ എന്നും എങ്കിൽ ഈ ഇടപാടിന്റെ വിശദാംശങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) യൂണിഫോം തുണിത്തരങ്ങൾ വാങ്ങിയതിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നുവെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) 80% കോട്ടണും 20% പോളിസ്റ്ററും ചേർന്ന യൂണിഫോം തുണി നൽകണമെന്ന നിർദ്ദേശം ഇപ്രാവശ്യത്തെ യൂണിഫോം തുണി വാങ്ങിയതിൽ പാലിക്കുന്നതിൽ ഹാന്റക്സ് വീഴ്ച വരുത്തിയിട്ടുണ്ടോ;

(ജി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ഈ വർഷം യൂണിഫോം തുണിത്തരങ്ങൾ വാങ്ങിയതെന്നും വാങ്ങുന്നതിന് മുമ്പ് തുണിത്തരങ്ങളുടെ ഗുണമേന്മ പരിശോധന നടത്തിയിരുന്നോ എന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>ഹാന്റ്ക്സ് ഭരണസമിതി തെരഞ്ഞെടുപ്പിലെ ക്രമക്കേടിനെ സംബന്ധിച്ച് അന്വേഷണം</u>

5337 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഹാന്റ്ക്സ് ഭരണസമിതി തെരഞ്ഞെടുപ്പിലെ ക്രമക്കേടിനെ സംബന്ധിച്ച് കൈത്തറി വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തി 28 സംഘങ്ങളിൽ നിന്ന് കമ്മിറ്റി മെമ്പർ അല്ലാത്തവരോ, സംഘാംഗങ്ങൾ അല്ലാത്തവരോ ആയവർ വോട്ടുചെയ്തുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഘങ്ങളുടെ പേരും വിലാസവും വോട്ട് ചെയ്ത ഭരണസമിതി അംഗമല്ലാത്തവരുടെ പേരും സംഘാംഗങ്ങളല്ലാത്തവരുടെ പേരും സംഘം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത 28 സംഘങ്ങളിൽ തെരഞ്ഞെടുപ്പ് സമയത്തെ നിലവിലുണ്ടായിരുന്ന ഭരണസമിതി അംഗങ്ങളുടെ പേരുവിവരം സംഘം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ നിലവിലുള്ള ഹാന്റ്ക്സ് ഭരണസമിതിയെ അടിയന്തിരമായി പിരിച്ചുവിട്ട് പുതിയ തെരെഞ്ഞെടുപ്പിന് അവസരം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള ഭരണസമിതിയെ പിരിച്ച് വിടാതിരിക്കുവാൻ എന്തെങ്കിലും കാരണമുള്ളതായി കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>റിയാബ് നടത്തിയ എഴുത്തു പരീക്ഷ</u>

5338 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്ക് റിയാബ് എഴുത്തു പരീക്ഷ നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഇതിന്റെ ഫലം പ്രഖ്യാപിച്ചുവോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നടപടികൾ എന്ന് ആരംഭിക്കും?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

ഹജ്ജ് വാളണ്ടിയറായവരുടെ വിശദവിവരം

5339 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2013 വരെ സംസ്ഥാന സർക്കാരിന്റെ ഹജ്ജ് വാളണ്ടിയറായവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരല്ലാത്ത എത്രപേർ 2006 മുതൽ ഇതുവരെ ഹജ്ജ് വാളണ്ടിയറായിട്ടുണ്ടെന്നും അവരാരെല്ലാമാണെന്നും മേൽവിലാസ സഹിതം വ്യക്തമാക്കാമോ;

(സി) ഈ വർഷം എത്ര പേരുടെ ഹജ്ജ് വാളണ്ടിയർ അപേക്ഷ പരിഗണിക്കാതിരുന്നിട്ടുണ്ടെന്നും അവരാരെല്ലാമാണെന്നും പരിഗണിക്കാത്തതിന്റെ കാരണസഹിതം വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഡിപ്പാർട്ട്മെന്റ് ജീവനക്കാരല്ലാത്തവരെ മുൻ വർഷങ്ങളിൽ പരിഗണിക്കുകയും ഈ വർഷം പരിഗണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ മറ്റോ ഇറക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) പി.എസ്.സി വഴി സർക്കാർ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിൽ നിയമനം ലഭിച്ചവരെ ഹജ്ജ് വാളണ്ടിയർ തസ്തികയിലേക്ക് പരിഗണിക്കുന്നതിൽ നിയമതടസ്സമുണ്ടോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അക്ഷയ പദ്ധതി</u>

5340 ശ്രീ. വർക്കല കഹാർ
'' ഡൊമിനിക് പ്രസന്റേഷൻ
'' സണ്ണി ജോസഫ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസി വഴിയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളും നേട്ടങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി നേടിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം പുരസ്ക്കാരങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>ഇ–ഗവേണൻസ് പദ്ധതി</u>

5341 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' ആർ. സെൽവരാജ്
'' പി. സി. വിഷ്ണുനാഥ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ–ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളും നേട്ടങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇ–ഗവേണൻസ് നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

ഭിന്നശേഷിയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ ഐ. ടി. മിഷന്റെ പദ്ധതി

5342 ശ്രീ. പാലോട് രവി
'' കെ. മുരളീധരൻ
'' ഹൈബി ഈഡൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും അവരെ സ്വയംപര്യാപ്തരാക്കുന്നതിനും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ ഐ. ടി. മിഷൻ, പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>എഡ്യൂസിറ്റി</u>

5343 ശ്രീ.ലൂഡി ലൂയിസ്
'' ഷാഫി പറമ്പിൽ
'' സി. പി. മുഹമ്മദ്
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഡ്യൂസിറ്റിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ:

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>വിവരസാങ്കേതിക രംഗത്ത് നൂതന സംരംഭങ്ങൾ</u>

5344 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം വിവരസാങ്കേതിക രംഗത്ത് ആവിഷ്കരിച്ചു നടപ്പിലാക്കിയ നൂതന സംരംഭങ്ങൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

2012–13 സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ ഐ. ടി. കയറ്റുമതി

5345 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തികവർഷം ഐ. ടി. കയറ്റുമതി എത്ര കോടി രൂപയായിരുന്നു; ആയത് 2011–12–ൽ എത്രയായിരുന്നു; വിശദമായി താരതമ്യം ചെയ്യുമോ;

(ബി) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ നേരിട്ട് തൊഴിൽ ലഭിച്ചവരുടെ എണ്ണം എത്ര; ആയത് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഐ. ടി. മേഖലയെ പരിപോഷിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; പുതിയ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ</u>

5346 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഐ.റ്റി. പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>പട്ടികജാതി പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഐ. ടി. പദ്ധതികൾ</u>

5347

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്കവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന നിയോജകമണ്ഡലത്തിൽ ഏതെല്ലാം തരത്തിലുള്ള ഐ. ടി. പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഐ. ടി. പദ്ധതികൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ജില്ലാ കേന്ദ്രങ്ങളിൽ ഐ. ടി. പാർക്കുകൾ</u>

5348 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലാ കേന്ദ്രങ്ങളിലാണ് ഐ. ടി. പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കോട്ടയം ജില്ലയിൽ എവിടെയാണ് ഐ. ടി. പാർക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(സി) ജില്ലാ അടിസ്ഥാനത്തിൽ ഐ.ടി പാർക്ക് തുടങ്ങുന്നതിന് സ്ഥലമെടുപ്പിന് കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; കിൻഫ്ര ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെ സ്ഥലം എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കായംകുളത്ത് പുതിയ ഐ.ടി. പാർക്ക്</u>

5349 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കായംകുളത്ത് ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ചീമേനി ഐ.ടി. പാർക്കിന്റെ നിർമ്മാണം

5350 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്കിന്റെ തറക്കല്ലിടൽ നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സംരംഭം യാഥാർത്ഥ്യമാക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി. പാർക്ക് നിർമ്മിക്കുന്നതിൽ നിന്നും സർക്കാർ പിന്നോട്ടു പോയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പാണപ്പുഴയിലെ കിൻഫ്ര പാർക്ക്</u>

5351 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ, പാണപ്പുഴ വില്ലേജിൽ ഉൾപ്പെട്ട 500 ഏക്കർ സ്ഥലം വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ന്യൂ ജനറേഷൻ വ്യവസായങ്ങൾക്കായി കിൻഫ്രാ പാർക്ക്</u>

5352 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂ ജനറേഷൻ വ്യവസായങ്ങൾക്കായി ഓരോ ജില്ലയിലും കിൻഫ്രായുടെ ഓരോ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതുതരത്തിലുള്ള വ്യവസായങ്ങളാണ് ഈ പാർക്കുകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആധാർ കാർഡുകളിൽ കൃത്യത</u>

5353 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡുകളിൽ കൃത്യത ഉറപ്പു വരുത്തുവാൻ ഐ.ടി. മിഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കാർഡുകളിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുവാൻ അദാലത്തുകൾ നടത്തുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിനായി യൂ.ഐ.ഡി. അധികൃതരുടെ അനുവാദം നേടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>സിറ്റിസൺ കോൾ സെന്റർ</u>

5354 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റിസൺ കോൾ സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ആരുടെ നിയന്ത്രണത്തിലാണ് ഈ സെന്റർ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളാണ് ഈ സെന്റർ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പൊതുജനങ്ങൾക്കും മുതിർന്ന ഉദ്യോഗസ്ഥന്മാർക്കും മന്ത്രിമാർക്കും പ്രസ്തുത സംവിധാനം വഴി പരാതികൾ സമർപ്പിക്കാൻ കഴിയുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 23.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]